**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4050** **27-10-2021 - ൽ മറുപടിയ്ക്ക്**

**കേരള ചിക്കൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീയുടെ നേതൃത്വത്തിൽ കേരള ചിക്കൻ പദ്ധതി പ്രകാരം എത്ര ഔട്ട് ലെറ്റുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്; ജില്ലതിരിച്ച് ഇതിന്റെ കണക്കുകൾ നൽകാമോ; | (എ) | കുടുംബശ്രീയുടെ നേതൃത്വത്തിൽ കേരള ചിക്കൻ പദ്ധതി പ്രകാരം 79 ഔട്ട് ലെറ്റുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. എറണാകുളം-23, തൃശ്ശൂർ-11, കോട്ടയം-18, കൊല്ലം-12, തിരുവനന്തപുരം-8, കോഴിക്കോട്-7 |
| (ബി) | കോഴിയിറച്ചിയുടെ വിപണിവില നിയന്ത്രിക്കുന്ന രീതിയിൽ ഈ പദ്ധതിയെ വികസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്? | (ബി) | സുരക്ഷിതവും സംശുദ്ധവുമായ കോഴിയിറച്ചി മിതമായ വിലക്ക് കേരള ചിക്കൻ എന്ന ബ്രാൻഡിൽ പൊതുജനങ്ങളിൽ എത്തിക്കുന്നതിനും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രത്യേകിച്ച് സ്ത്രീ സംരംഭകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കേരള സർക്കാർ ആവിഷ്കരിച്ച ഒരു പദ്ധതിയാണ് കേരള ചിക്കൻ. റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഇതിനാവശ്യമായ 63.11കോടി വകയിരുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ്പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ(KSPDC), മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ(MPI), കുടുംബശ്രീ മിഷൻ,ബ്രഹ്മഗിരി ഡെവല പ്മെന്റ് സൊസൈറ്റി (BDS) എന്നീ സ്റ്റേക്ക് ഹോൾഡർമാരുടെ സഹകരണത്തോടെ മൃഗസംരക്ഷണ വകുപ്പ് നോഡൽ ഏജൻസിയായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ്. കേരള ചിക്കൻ പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കി ഇറച്ചി കോഴിയുടെ 100% മാർക്കറ്റ് ഷെയറും കൈകാര്യം ചെയ്യുക എന്നുള്ളത് ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പുതിയതായി അട്ടപ്പാടിയിൽ 8.5 കോടി ചെലവിൽ ബ്രീഡർ ഫാം, കാസർഗോഡ് മടികൈയിൽ 3.4 കോടി ചെലവിൽ ബ്രീഡർ ഫാം, തിരുവനന്തപുരം കുടപ്പനക്കുന്നിൽ 1.57 കോടി രൂപ ചെലവിൽ ബ്രീഡർ ഫാം എക്സ്പാൻഷൻ, വിവിധ ജില്ലകളിലായി 5 റെൻഡെറിംഗ് പ്ലാന്റുകൾ, |

| | | | | |
|---|---|---|---|---|
| | | | | 2 പ്രൊസസിംഗ് പ്ലാന്റുകൾ, 2,600ചെറുകിട ബ്രോയിലർ ഫാമുകൾ, 240 സെയിൽസ് ഔട്ട് ലെറ്റുകൾ എന്നിവ നിലവിൽ വരും. ഇതിലൂടെ നിരവധി തൊഴിലവസരങ്ങൾ സംസ്ഥാനത്തുടനീളം സൃഷ്ടിക്കപ്പെടും. സ്റ്റേക്ക് ഹോൾഡർമാരുടെ കീഴിൽ രജിസ്റ്റർചെയ്യുന്ന ബ്രോയിലർ ഫാം ഉടമകൾക്ക്അതാത് സ്റ്റേക്ക് ഹോൾഡർമാർ വഴി ഫാമൊന്നിന് പരമാവധി 50,000/-രൂപയും സെയിൽസ് ഔട്ട് ലെറ്റ് ഒന്നിന് 25,000/- രൂപയും പദ്ധതി പ്രകാരം ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതി പ്രകാരം ആരംഭിക്കുന്ന ബ്രീഡർ ഫാമുകളിൽ നിന്നും ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഓരോ സ്റ്റേക്ക് ഹോൾഡർമാരുടെയും (KSPDC, Kudumbashree, BDS) കീഴിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് നൽകുകയും 38 ദിവസം പ്രായമാകുമ്പോൾ കോഴിക്കുഞ്ഞുങ്ങളെ കർഷകരിൽ നിന്നും വിലനൽകി തിരികെയെടുത്ത് പ്രോസസിംഗ് പ്ലാന്റിൽ എത്തിച്ച് Bacterial Load, Chemical content എന്നിവ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തി മൂല്യവർദ്ധിത ഇറച്ചി ഉത്പന്നങ്ങളായി മാറ്റി 'കേരള ചിക്കൻ' എന്ന ബ്രാൻഡ് നെയിമിൽ പദ്ധതിയുടെ സെയിൽസ് ഔട്ട് ലെറ്റുകളായ ''കേരളചിക്കൻ ഷോപ്പി' വഴി വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. കേരളചിക്കൻ പദ്ധതി പ്രകാരം വിൽക്കുന്ന ഇറച്ചി കോഴികളുടെ വില നിശ്ചയിക്കുന്നത് സ്റ്റേക്ക്ഹോൾഡർമാരായ കെ എസ് പി ഡി സി, എം പി ഐ , ബി ഡി എസ് , കുടുംബശ്രീ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന വില നിർണ്ണയ കമ്മിറ്റിയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടി ക്കുന്നതിനും സുരക്ഷിതവും സംശുദ്ധ വുമായ കോഴിയിറച്ചി ജനങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനും ഭക്ഷ്യ സുരക്ഷയെന്ന പ്രഖ്യാപിതലക്ഷ്യത്തിലേക്ക് ഒരു ഉറച്ച കാൽവെയ്പിനും വഴിതെളിക്കും. |

സെക്ഷൻ ഓഫീസർ